"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ മിഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രം ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വിതരണം നടത്തുന്നതിന് ഒരു വർഷത്തേയ്ക്ക് കൂടി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2381/2024/LSGD തീയതി,തിരുവനന്തപുരം, 06-12-2024

പരാമർശം:- 1. 12.10.2020 -ലെ സ.ഉ.(സാധാ)നം.1872/2020/തസ്വഭവ

2. 13.07.2022 -ലെ സ.ഉ.(സാധാ)നം.1672/2022/തസ്വഭവ

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.04.2024 ലെ 8791/D1/2022/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

പ്രാദേശിക സാമ്പത്തിക വികസനത്തോടൊപ്പം നൂതന സംരംഭ മാതൃകകൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി കുടുംബശ്രീ ആരംഭിച്ച സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ആയത് ദീർഘിപ്പിച്ച് നല്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ മിഷൻ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വനിതകളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ഒരു സംരംഭമെന്ന നിലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രം ബാധകമാകുന്ന വിധത്തിൽ കുടുംബശ്രീ മിഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകൾ. നിലവിൽ മാർക്കറ്റിൽ ലഭ്യമാകുന്ന നിലവാരമുള്ള പോപ്പുലർ ബ്രാൻഡുകളിൽ ഏറ്റവും താഴ്ന്ന മാർക്കറ്റ് നിരക്ക് ഏതാണോ ആ നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രം ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ വിതരണം നടത്തുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോർ പർച്ചേസ് വകുപ്പ് (12.07.2024 ലെ SPD-A3/25/2024-SPD പ്രകാരം)
ധനകാര്യ (WCD) വകുപ്പ് (26.09.2024-ലെ WCD3/149/2024/ധന പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ്(എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ ഓഫീസ് കോപ്പി(ഐ.എ1/162/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 06-12-2024 15:55:08

സെക്ഷൻ ഓഫീസർ